നബാർഡിന്റെ ആർ.ഐ.ഡി.എഫ്.പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ റാന്നി ബ്ളോക്കിൽ നിന്ന് സമർപ്പിച്ച പദ്ധതികൾ

117 (4740) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തുടർച്ചയായി കഴിഞ്ഞ രണ്ടു വർഷത്തിലും റാന്നി ബ്ളോക്കിൽ നിന്നും എത്ര പദ്ധതികളാണ് സമർപ്പിക്കപ്പെട്ടതെന്നും അവ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ ;

(ബി) എന്തുകൊണ്ടാണ് ഈ പദ്ധതികൾക്ക് അനുമതി നൽകാതിരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം വകുപ്പിന് സെക്റ്ററൽ അലോക്കേഷനായി എത്ര ഫണ്ടാണ് നബാർഡ് നൽകിയതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഫണ്ട് എന്തിന് വേണ്ടിയാണ് വിനിയോഗിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അറിയിപ്പിനെ തുടർന്ന് എം. എൽ. എ. എസ്. ഡി. എഫ്. വിഹിതമായി മാറ്റി വച്ചു വകുപ്പുവഴി നൽകിയിരുന്ന പദ്ധതികൾക്ക് ഈ സാമ്പത്തിക വർഷം അംഗീകാരം നൽകാൻ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദീകരിക്കുമോ ;

(എഫ്) ഈ സാമ്പത്തിക വർഷം വകുപ്പിന് നബാർഡ് സെക്റ്ററൽ അലോക്കേഷനായി എത്ര ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ജി) ഇത് സംബന്ധിച്ച് വകുപ്പും ധനകാര്യ വകുപ്പും തമ്മിൽ നടത്തിയിട്ടുള്ള ചർച്ചകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(എച്ച്) ഈ സാമ്പത്തിക വർഷമെങ്കിലും പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്താനായി 2008-09 സാമ്പത്തിക വർഷം മൊത്തം 16 പദ്ധതികളാണ് റാന്നി ബ്ളോക്ക് പഞ്ചായത്ത് നൽകിയിട്ടുള്ളത്. 2008-09 വർഷത്തിലെ പദ്ധതികളുടെ വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(ബി) നബാർഡിന്റെ ആർ.ഐ.ഡി.എഫ് പ്രവർത്തികൾക്കായി തദ്ദേശസ്വയംഭരണ വകുപ്പിന് സെക്റ്ററൽ വിഹിതം ലഭിക്കാത്തതിനാലാണ് റാന്നി ബ്ളോക്കിൽനിന്നും സമർപ്പിച്ച പദ്ധതികൾ നബാർഡ് അനുമതിക്കായി സമർപ്പിക്കാൻ കഴിയാതിരുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2009-10 വർഷം തദ്ദേശസ്വയംഭരണ വകുപ്പിന് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സെക്റ്ററൽ അലോക്കോഷൻ അനുവദിച്ചിരുന്നില്ല. എന്നാൽ നബാർഡിന്റെ പൈലറ്റ് പ്രോജക്റ്റുകളായ പി.പി.ഐ.ഡി./ വി.ഡി.പി. എന്നീ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിനായി 25 കോടി രൂപയുടെ വിഹിതം നീക്കിവയ്ക്കുകയുണ്ടായി. തുടർന്ന് 19.09 കോടി രൂപയ്ക്കുള്ള പ്രോജക്റ്റുകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിച്ചത് നബാർഡ് അനുമതിക്കായി സമർപ്പിച്ചിരുന്നു. ഇപ്രകാരം സമർപ്പിച്ച പ്രോജക്ടുകളിൽ 15.05 കോടി രൂപയ്ക്കുള്ള പ്രൊപ്പോസലുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

(ഡി) നബാർഡ് ഏറ്റെടുത്തതായ ആർ.ഐ.ഡി.എഫ്, പി.പി.ഐ.ഡി., വി.ഡി.പി. പദ്ധതികൾക്കായി ടി തുക വിനിയോഗിച്ചുവരുന്നു.

(ഇ) എം.എൽ.എ., എസ്.ഡി.എഫ്., വിഹിതം ഉപയോഗിച്ച് നബാർഡ് പദ്ധതികൾ ഏറ്റെടുക്കുന്നതിന് പ്രത്യേക വിഹിതം തദ്ദേശസ്വയംഭരണ വകുപ്പിന് ലഭിച്ചിട്ടില്ല.

(എഫ്) നടപ്പ് സാമ്പത്തിക വർഷം ഈ വകുപ്പിന് നബാർഡ് സെക്റ്ററൽ അലോക്കേഷനായി 100 കോടി രൂപ ആവശ്യപ്പെട്ടിരുന്നു.

(ജി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ 3-6-2010-ൽ ചേർന്ന എസ്.എൽ.ഇ.സി. യിൽ ചർച്ച ചെയ്തിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിഹിതമായി 25 കോടി രൂപയെങ്കിലും അനുവദിക്കണം എന്ന് അവശ്യപ്പെട്ടിരുന്നു. എന്നാൽ 18-6-2010 തീയതിയിലെ ധനകാര്യ വകുപ്പ് ജി.ഒ.(ആർ.റ്റി) നമ്പർ.4907/10/ ഫിൻ. ഉത്തരവ് പ്രകാരം സെക്റ്ററൽ അലോക്കേഷൻ 11.80 കോടിയായി നിശ്ചയിച്ചിട്ടുള്ളതാണ്.

(എച്ച്) ഈ സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ വകുപ്പിന് ആർ.ഐ.ഡി.എഫ്. XVI-ൽ 11.80 കോടി രൂപയുടെ പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള മേഖലാ വിഹിതം നിശ്ചയിച്ചുകിട്ടിയിട്ടുണ്ട്. ഇതിനുള്ള പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പി.എം.ജി.എസ്.വൈ. റോഡുകൾ

118 (4741) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേപ്പയൂർ മണ്ഡലത്തിൽ അനുമതി കിട്ടിയ പി.എം.ജി.എസ്.വൈ. റോഡുകളുടെ പേരും അവയുടെ ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേപ്പയൂർ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം അനുമതി ലഭിച്ച റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly